# പതിമൂന്നാം കേരള നിയമസഭ
# പതിനൊന്നാം സമ്മേളനം.

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. **3135** **20/6/2014** ൽ മറുപടിയ്ക്ക്

## പഴം പച്ചക്കറികളിലെ മാരകമായ കീടനാശിനികൾ

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. കോടിയേരി ബാലകൃഷ്ണൻ | | **ശ്രീ. കെ.പി. മോഹനൻ**<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി) |
| (എ) സംസ്ഥാനത്തെ മാർക്കറ്റുകളിലെ ത്തുന്ന പഴം-പച്ചക്കറികളിൽ വ്യാപകമായി മാരകമായ കീടനാശിനികൾ ഉപയോഗിക്കുന്നുണ്ടെന്ന മാധ്യമ വാർത്തകൾ ജനങ്ങളിൽ ഉണ്ടാക്കിയ ഉത്ക്കണ്ഠ പരിശോധിച്ചിട്ടുണ്ടോ ; | (എ) | സംസ്ഥാനത്തെ മാർക്കറ്റുകളിൽ എത്തുന്ന പഴം-പച്ചക്കറികളിൽ മാരകമായ കീടനാശിനികൾ ഉപയോഗിക്കുന്നുണ്ടെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) ഉണ്ടെങ്കിൽ ഇതുമായി ബന്ധപ്പെട്ട് എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വിശദമാക്കാമോ ; | (ബി) | ഹോർട്ടികോർപ്പ്, വി.എഫ്.പി.സി.കെ. എന്നീ സർക്കാർ വിപണനശാലകളിൽ നിന്നും തിരുവനന്തപുരം, കാസർഗോഡ് എന്നിവിടങ്ങളിലെ സൂപ്പർമാർക്കറ്റുകൾ കൃഷിക്കാരുടെ കൃഷിയിടങ്ങളിൽ നിന്നും ശേഖരിക്കുന്ന പഴം-പച്ചക്കറി സാമ്പിളുകൾ വെള്ളായണി കാർഷിക കോളേജിൽ പ്രവർത്തിക്കുന്ന പ്രത്യേകം സജ്ജീകരിച്ചിട്ടുള്ള ലാബിൽ, രാസകീടനാശിനികളുടെ അവശിഷ്ടത്തിന്റെ അളവ് പരിശോധിച്ചറിയുന്നു. മാരകമായ രാസവസ്തുക്കളുടെ അളവ് അംഗീകൃത ലെവലിൽ (എം.ആർ.എൽ) കൂടുതലാണോ , കുറവാണോ എന്നുള്ള വിവരം പത്രമാദ്ധ്യമങ്ങളിലൂടെയും സർക്കാർ വെബ്സൈറ്റ് മുഖേനയും പ്രസിദ്ധീകരിക്കുന്നു. "സേഫ് റ്റു ഈറ്റ്" എന്ന ഈ പദ്ധതിക്കായി 2012-13, 2013-14 വർഷങ്ങളിൽ കാർഷിക സർവ്വകലാശാലയുടെ ലാബ് സജ്ജീകരിക്കുന്നതിനും സാമ്പിളുകൾ പരിശോധിക്കുന്നതിനും 50 ലക്ഷം രൂപ വീതം ചെലവഴിച്ച് 2014-15 ൽ 50 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. |

(സി) പരിശോധനയുടെ അടിസ്ഥാനത്തിൽ മാരകകീടനാശിനി ഉപയോഗിച്ച പഴം-പച്ചക്കറികൾ മാർക്കറ്റിൽ നിരോധിക്കാൻ നടപടി സ്വീകരിക്കുമോ; വിശദീകരിക്കാമോ?

(സി) അന്യസംസ്ഥാനങ്ങളിൽ നിന്നും കേരളത്തിലേക്ക് കൊണ്ട് വരുന്ന പഴങ്ങൾ, പച്ചക്കറികൾ എന്നിവയിൽ അടങ്ങിയിരിക്കുന്ന കീടനാശിനികൾ, പ്രിസർവേറ്റീവ്സ്, ആർട്ടിഫിഷ്യൽ റൈപ്പനിംഗ് ഏജന്റ്, എന്നിവ കണ്ടുപിടിക്കുന്നതിനും നിയന്ത്രിക്കുന്നതിനുമുള്ള നടപടികൾ ചെക്ക് പോസ്റ്റുകൾ കേന്ദ്രമാക്കി ഊർജ്ജിതപ്പെടുത്തിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ